**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1937      14.08.2017- ൽ മറുപടിയ്ക്ക്

**സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള ക്ഷേമ പദ്ധതികൾ**

**ചോദ്യം**      **മറുപടി**

**ശ്രീ.എ.എൻ.ഷംസീർ**      **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)**

| | |
|---|---|
| ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ ആവിഷ്കരിച്ചിട്ടുള്ള ക്ഷേമപദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ? | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കിയ വിവിധ സാമൂഹ്യ ക്ഷേമ പദ്ധതികളും സാമൂഹ്യസുരക്ഷാ മിഷൻ നടപ്പിലാക്കിയ പദ്ധതി സംബന്ധിച്ച വിവരങ്ങളും ഓർഫനേജ് കൺട്രോൾ ബോർഡ് നടപ്പിലാക്കിയ പദ്ധതി സംബന്ധിച്ച വിവരങ്ങളും വനിതാ വികസന കോർപ്പറേഷൻ നടപ്പിലാക്കിയ പദ്ധതികളും സാമൂഹ്യക്ഷേമ ബോർഡ് നടപ്പിലാക്കിയ പദ്ധതികളും അനുബന്ധമായി ചേർക്കുന്നു. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം

## ഈ സർക്കാർ അധികാരത്തിൽ എത്തിയതിനുശേഷം സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കിയ വിവിധ സാമൂഹ്യക്ഷേമ പദ്ധതികൾ

- ബാരിയർ ഫ്രീ കേരള പദ്ധതിയുടെ ഭാഗമായി മലപ്പുറം, വയനാട് ജില്ലകളിലെ പൊതു കെട്ടിടങ്ങൾ അംഗപരിമിത സൗഹൃദമാക്കി മാറ്റുന്നതിനായി 15 കോടി അനുവദിച്ചു.
- എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താത്ക്കാലികമായി ജോലി ചെയ്തിരുന്ന 357 അംഗപരിമിതർക്കു സ്ഥിര നിയമനം നൽകി.
- മുതിർന്ന പൗരൻമാർക്കുള്ള കൃത്രിമ ദന്തനിര സൗജന്യമായി നൽകുന്ന 'മന്ദഹാസം' പദ്ധതിയ്ക്കു അനുമതി നൽകി.
- സംസ്ഥാനത്തെ പകൽ പരിപാലന കേന്ദ്രങ്ങൾ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തി സായംപ്രഭ ഹോമുകളാക്കി മാറ്റുന്നതിനുള്ള പദ്ധതിയ്ക്ക് അനുമതി നൽകിയിട്ടുണ്ട്.
- ട്രാൻസ്ജെൻഡർമാർക്കായി നൈപുണ്യ പരിശീലനം, ഡ്രൈവിംഗ് പരിശീലനം, ID കാർഡ് വിതരണം, തുടർ വിദ്യാഭ്യാസ പദ്ധതി എന്നിവ നടപ്പിലാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.
- സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമം തടയുന്നതിനായി കുടുംബശ്രീ, ആശാ വർക്കേഴ്സ്, പ്രേരക്മാർ, മഹിളാ പ്രധാൻ ഏജന്റ്, ജനമൈത്രി പോലീസ്, യുവജന ക്ലബുകൾ, റസിഡന്റ്സ് അസോസിയേഷനുകൾ എന്നിവരെ ഉൾപ്പെടുത്തി 'കൈതാങ്ങ്' എന്നൊരു കർമ്മസേന രൂപീകരിച്ച് പൈലറ്റ് അടിസ്ഥാനത്തിൽ 70 പഞ്ചായത്തുകളിലെ 350 വാർഡുകളിൽ നടപ്പിലാക്കാൻ തീരുമാനിച്ചു.
- സമൂഹത്തിൽ അശരണരായി കഴിയുന്ന അഭയ സ്ഥാനമില്ലാതെ ജീവിക്കുന്ന വിധവകളായ സ്ത്രീകൾക്ക് അഭയവും ചുറ്റുപാടും നൽകുന്ന ബന്ധുക്കൾക്ക് പ്രതിമാസം 1000/- രൂപ വീതം നൽകുന്ന അഭയകിരണം പദ്ധതി നടപ്പിലാക്കി.
- സെന്റർ ഫോർ മാനേജ്മെന്റ് ഡവലപ്പ്മെന്റ് മുഖേന ആലപ്പുഴ ജില്ലയിൽ പൈലറ്റ് അടിസ്ഥാനത്തിൽ വിധവകൾക്ക് ജീവനോപാധി പരിശീലനം, തൊഴിൽ യൂണിറ്റുകൾ ആരംഭിക്കൽ എന്നിവയ്ക്കായി ഭരണാനുമതി നൽകിയിട്ടുണ്ട്.
- 3 ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള വിധവകളുടെ കുട്ടികൾക്ക് പ്രൊഫഷണൽ വിദ്യാഭ്യാസത്തിനുള്ള ധനസഹായത്തിനുള്ള ദീപ്തം പദ്ധതിയ്ക്കായി 40 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.
- പ്രോബേഷൻ സംവിധാനം ശക്തിപ്പെടുത്തുന്നതിനും നവീകരിക്കുന്നതിനുമായി സാമൂഹ്യനീതി വകുപ്പ് നേർവഴി എന്ന നൂതന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നു. അഞ്ച് ഘട്ടങ്ങളിലായി

നടപ്പിലാക്കുന്ന പ്രസ്തുത പദ്ധതിയുടെ ആദ്യഘട്ട നടപടി ആരംഭിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

- സംസ്ഥാനത്തെ കുട്ടികൾക്ക് UNICEF സഹകരണത്തോടെ ഏകീകൃത രജിസ്റ്റർ തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. പ്രസ്തുത പ്രോജക്ട് പൈലറ്റ് അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിലെ കരുംകുളം പഞ്ചായത്തിലും വയനാട് ജില്ലയിലെ എടവക പഞ്ചായത്തിലും നടപ്പാക്കി വരുന്നു.
- സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന അംഗപരിമിതരായ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ, യൂണിഫോം എന്നിവയ്ക്കുള്ള ധനസഹായം നൽകുന്ന 'വിദ്യാ ജ്യോതി' പദ്ധതി ആരംഭിച്ചു.
- അംഗപരിമിതരായ രക്ഷകർത്താക്കളുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായം നൽകുന്ന 'വിദ്യാകിരണം' പദ്ധതി നടപ്പിലാക്കി.
- സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കാൻ കഴിയാത്ത അംഗപരിമിതരായ/ ഭിന്നശേഷിക്കാരായ വ്യക്തികൾക്ക് പത്താം ക്ലാസ്/പന്ത്രണ്ടാം ക്ലാസ് പരീക്ഷ എഴുതുന്നതിന് പരീക്ഷാ ഫീസ്-കോഴ്സ് ഫീസ് ഉൾപ്പെടെ ധനസഹായം നൽകുന്ന ഒരു പദ്ധതിയ്ക്ക് അനുമതി നൽകിയിട്ടുണ്ട്.
- കാഴ്ച വൈകല്യമുള്ള അമ്മമാർക്ക് പ്രസവാനന്തരം കുഞ്ഞിനെ പരിപാലിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുമായി പ്രതിമാസം 2000/- രൂപ ക്രമത്തിൽ പരമാവധി രണ്ട് വർഷം ധനസഹായം അനുവദിച്ചു വരുന്നു.
- വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പോയി പഠിക്കാൻ കഴിയാത്തവരും വികലാംഗരുമായ/ഭിന്നശേഷിക്കാരായ ഡിഗ്രിയോ അതിനു മുകളിലോ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഒരു അദ്ധ്യയന വർഷത്തേയ്ക്ക് പരമാവധി 10,000 രൂപ അനുവദിക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നു.

**ഈ സർക്കാർ അധികാരത്തിലെത്തിയതിനു ശേഷം കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കിയ വിവിധ സാമൂഹ്യക്ഷേമ പദ്ധതികൾ.**

1. **ക്യാൻസർ സുരക്ഷാ പദ്ധതി :**

18 വയസ്സുവരെയുള്ള ക്യാൻസർ രോഗികളായ കുട്ടികളുടെ ജീവൻ സംരക്ഷിക്കുന്നതിന് പൂർണ്ണമായും സൗജന്യ ചികിത്സ അനുവദിച്ച് നടപ്പാക്കി വരുന്ന ക്യാൻസർ സുരക്ഷ പദ്ധതിയിൽ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 443 പേർക്ക് പുതുതായി സൗജന്യ ചികിത്സയും 5059 പേർക്ക് തുടർ ചികിത്സയും നൽകിയിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷത്തിൽ ടി പദ്ധതി പ്രവർത്തനങ്ങൾക്കായി 904 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. മുൻ വർഷത്തേക്കാൾ 20% തുക അധികരിച്ച് ചെലവഴിച്ചിട്ടുണ്ട്. നടപ്പു വർഷം ടി പദ്ധതി പ്രവർത്തനങ്ങൾക്കായി 250 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

2. **താലോലം പദ്ധതി :**

ജന്മനായുള്ള ഹൃദയവൈകല്യങ്ങളാലും ജനിതക രോഗങ്ങളാലും മറ്റ് ഗുരുതര രോഗങ്ങളാലും കഷ്ടപ്പെടുന്ന 18 വയസ്സുവരെയുള്ള കുട്ടികൾക്ക് പൂർണ്ണമായും സൗജന്യ ചികിത്സ അനുവദിക്കുന്ന താലോലം പദ്ധതി സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 15 ആശുപത്രികൾ മുഖേന നടപ്പാക്കി വരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 380 പേർക്ക് പുതുതായി സൗജന്യ ചികിത്സയും 12465 പേർക്ക് തുടർ ചികിത്സയും നൽകിയിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷത്തിൽ ടി പദ്ധതി പ്രവർത്തനങ്ങൾക്കായി 1051 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. നടപ്പു വർഷം ടി പദ്ധതി പ്രവർത്തനങ്ങൾക്കായി 250 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

3. **ആശ്വാസകിരണം പദ്ധതി :**

ഒരു മുഴുവൻ സമയ പരിചാരകന്റെ സേവനം ആവശ്യമാംവിധം കിടപ്പിലായ രോഗികളെയും മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവരെയും ഗുരുതര രോഗങ്ങളുള്ളവരെയും പരിചരിക്കുന്നവർക്ക് പ്രതിമാസ ധനസഹായം അനുവദിക്കുന്ന ആശ്വാസകിരണം പദ്ധതിയിൽ ഈ സർക്കാർ അധികാരത്തിൽ വരുന്നതിനു മുമ്പ് 72353 പേർക്ക് അനുവദിച്ചിരുന്ന ആനുകൂല്യം നിലവിൽ 90251 ഗുണഭോക്താക്കൾക്ക് അനുവദിച്ചു വരുന്നു. 2016-17 സാമ്പത്തിക വർഷത്തിൽ പുതുതായി 17898 ഗുണഭോക്താക്കൾക്കു കൂടി ധനസഹായം അനുവദിച്ചിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷത്തിൽ ടി പദ്ധതി പ്രവർത്തനങ്ങൾക്കായി 8270.52 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. മുൻ വർഷത്തേക്കാൾ 76% തുക അധികരിച്ച് ചെലവഴിച്ചിട്ടുണ്ട്. നടപ്പ് വർഷം ടി പദ്ധതി പ്രവർത്തനങ്ങൾക്കായി 4000 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. 2017 ജൂൺ മാസം വരെ 1.96 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

4. **സ്നേഹസ്പർശം പദ്ധതി :**

ചൂഷണത്തിന് വിധേയരായി അവിവാഹിത അവസ്ഥയിൽ അമ്മമാരാകുന്നവർ കുടുംബങ്ങളിൽ നിന്നും സമൂഹത്തിൽ നിന്നും ഒറ്റപ്പെട്ട് ജീവിയ്ക്കേണ്ടി വരുന്നു. ഇത്തരക്കാർക്ക് ദൈനംദിന ജീവിതത്തിന് ആവശ്യമായ സാമ്പത്തിക സഹായം നൽകി ഇവരെ പുനരധിവസിപ്പിക്കുക എന്ന ഉദ്ദേശത്തോടെയാണ് സ്നേഹസ്പർശം പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്നത്. പ്രതിമാസം 1000/- രൂപ വീതമാണ് ടി പദ്ധതിയിലൂടെ അനുവദിക്കുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി 102 ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിക്കുകയും ആകെ 2044 ഗുണഭോക്താക്കൾക്ക് പ്രതിമാസ ധനസഹായം അനുവദിച്ചു വരികയും ചെയ്യുന്നു. 2016-17 സാമ്പത്തിക വർഷത്തിൽ ടി പദ്ധതി പ്രവർത്തനങ്ങൾക്കായി 256.35 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. നടപ്പു വർഷം

ടി പദ്ധതി പ്രവർത്തനങ്ങൾക്കായി 250 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. 2017 ജൂൺ മാസം വരെ 44.16 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

5. **എൻഡോസൾഫാൻ ദുരിതബാധിതർക്ക് വേണ്ടിയുള്ള പദ്ധതികൾ**

എൻഡോസൾഫാൻ ദുരിത ബാധിതരുടെ പുനരധിവാസത്തിനുവേണ്ടി നിരവധി പദ്ധതികളും പരിപാടികളും ഈ സർക്കാർ നടപ്പാക്കി വരുന്നു. എൻഡോസൾഫാൻ ദുരിതബാധിതരിൽ ദീർഘകാല ചികിത്സ ആവശ്യമുള്ളവരും രോഗാവസ്ഥയിലുള്ളവരും തൊഴിലെടുക്കാനാകാതെ വീട്ടിൽ കഴിയുന്നവരിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് വികലാംഗപെൻഷൻ വാങ്ങുന്നവർക്ക് 1700/- രൂപ നിരക്കിലും പെൻഷൻ ലഭിക്കാത്തവർക്ക് 2200/- രൂപ നിരക്കിലും നൽകി വരുന്നു. എൻഡോസൾഫാൻ ദുരിത ബാധിതരായ മറ്റ് രോഗികൾക്ക് 1200/- രൂപ നിരക്കിലും പ്രതിമാസ ധനസഹായം അനുവദിച്ചു വരുന്നു. 2016-17 സാമ്പത്തിക വർഷത്തിൽ 4675 ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്.

എൻഡോസൾഫാൻ ദുരിത ബാധിത കുടുംബങ്ങളിലെ 12-ാം ക്ലാസ്സുവരെ പഠിക്കുന്ന കുട്ടികൾക്ക് പഠനോപകരണങ്ങൾ വാങ്ങുന്നതിനും മറ്റ് ചെലവുകൾക്കുമായി വിദ്യാഭ്യാസ ധനസഹായവും നൽകി വരുന്നു. ഇവരുടെ ചികിത്സയ്ക്ക് വേണ്ടി പ്രത്യേക ഫണ്ടും കാസർഗോഡ് ജില്ലാ കളക്ടർക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.

സ.ഉ. (എം.എസ്) നം 383/14/ സാ. നീ .വ തീയതി 29/5/14 പ്രകാരം കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതർ ഉൾപ്പെടുന്ന 11 പഞ്ചായത്തുകൾക്ക് നടത്തിപ്പ്, മെയിന്റനൻസ് ചെലവുകൾ എന്നിവ ബന്ധപ്പെട്ട പഞ്ചായത്തുകൾ വഹിക്കണമെന്ന വ്യവസ്ഥയിൻമേൽ ഓരോ ആംബുലൻസ് വാങ്ങുന്നതിന് ഭരണാനുമതിയും ആംബുലൻസുകൾ വാങ്ങുന്നതിനുള്ള നടപടി ക്രമങ്ങൾ സ്വീകരിക്കുന്നതിന് കാസർഗോഡ് എൻഡോസൾഫാൻ സെല്ലിനെ ചുമലതപ്പെടുത്തിയും ഉത്തരവായിട്ടുണ്ട്. ടി ഉത്തരവിന്റെ വെളിച്ചത്തിൽ ആംബുലൻസ് ആവശ്യമാണെന്നറിയിച്ച 9 പഞ്ചായത്തുകൾക്ക് ആംബുലൻസ് വാങ്ങി നൽകുന്നതിനായി 71,73,012/- രൂപ കാസർഗോഡ് ജില്ലാ കളക്ടർക്ക് നൽകിയിട്ടുണ്ട്. കൂടാതെ എൻഡോസൾഫാൻ ദുരിത ബാധിതർക്ക് നഷ്ടപരിഹാരമായി 5 ലക്ഷം രൂപ വരെ അനുവദിച്ച് നൽകുന്നതിനായി കാസർഗോഡ് ജില്ലാ കളക്ടർക്ക് തുക അനുവദിച്ച് നൽകിയിട്ടുണ്ട്.

എൻഡോസൾഫാൻ ദുരിത ബാധിതരിൽ പൂർണ്ണമായും കിടപ്പിലായവരെ പരിചരിക്കുന്നവർക്ക് പ്രതിമാസം 700/- രൂപ ധനസഹായം അനുവദിക്കുന്ന സ്പെഷ്യൽ ആശ്വാസകിരണം പദ്ധതി 01/10/2013 മുതൽ നടപ്പാക്കി വരുന്നു. ഇതുവരെ ഈ പദ്ധതിയുടെ പ്രയോജനം 904 ഗുണഭോക്താക്കൾക്ക്

ലഭിച്ചിട്ടുണ്ട്. ടി പദ്ധതിയുടെ നടത്തിപ്പിനായി 2016-17 സാമ്പത്തിക വർഷം 1009.42 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. നടപ്പു വർഷം ടി പദ്ധതി പ്രവർത്തനങ്ങൾക്കായി 1450 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. 2017 ജൂൺ മാസം വരെ 167.93 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

6. **<u>വയോമിത്രം പദ്ധതി :</u>**

65 വയസ്സിന് മുകളിൽ പ്രായമുള്ള മുതിർന്ന പൗരന്മാർക്ക് മൊബൈൽ ക്ലിനിക്കിലൂടെ സൗജന്യ ചികിത്സ, സൗജന്യ മരുന്ന്, കൗൺസിലിംഗ് എന്നിവ നൽകി ആരോഗ്യ സുരക്ഷ ഉറപ്പ് വരുത്തുന്നതാണ് വയോമിത്രം പദ്ധതി. ഈ സർക്കാർ അധികാരത്തിൽ വരുന്നതിനുമുമ്പ് 44 നഗരസഭാപ്രദേശങ്ങളിലാണ് പദ്ധതി നടപ്പാക്കിയിരുന്നത്. ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാന വ്യാപകമായി നടപ്പാക്കാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 28 നഗരപ്രദേശങ്ങളിൽ കൂടി ഈ പദ്ധതി ആരംഭിച്ചിട്ടുണ്ട്. കൂടാതെ 2 മാസത്തിനുള്ളിൽ സംസ്ഥാനത്തെ 93 നഗരപ്രദേശങ്ങളിലും പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ഈ സർക്കാർ അധികാരമേറ്റ ശേഷം ഈ പദ്ധതിയിൽ പുതുതായി 69694 വയോജനങ്ങൾ പേർ രജിസ്റ്റർ ചെയ്ത് പദ്ധതി ആനുകൂല്യം പറ്റി വരുന്നു. പദ്ധതി ചെലവുകൾക്കായി 2016-17 സാമ്പത്തിക വർഷത്തിൽ 1097.29 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. മുൻ വർഷത്തേക്കാൾ 5.94% തുക അധികരിച്ച് ചെലവഴി ച്ചിട്ടുണ്ട്.

വയോമിത്രം പദ്ധതി കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ദൈനംദിന ആഫീസ് പ്രവർത്തനങ്ങൾ സി-ഡിറ്റിന്റെ സാങ്കേതിക സഹകരണത്തോടെ ഡിജിറ്റലൈസ് ചെയ്യുന്നതിനുള്ള നടപടി പൂർത്തീകരിച്ചു വരുന്നു.

7. **<u>വിശപ്പു രഹിത നഗരം പദ്ധതി :</u>**

വിശന്നിരിക്കുന്നവർക്ക് ഒരു നേരത്തെ ഭക്ഷണം സൗജന്യമായി നൽകുന്ന വിശപ്പുരഹിത നഗരം പദ്ധതി കോഴിക്കോട്, മലപ്പുറം, കൊല്ലം, തിരുവനന്തപുരം നഗരങ്ങളിൽ നടപ്പിലാക്കി വരുന്നു. ഈ സർക്കാർ അധികാരമേറ്റ ശേഷം 2096093 പേർക്ക് സൗജന്യ ഭക്ഷണം നൽകിയിട്ടുണ്ട്. പദ്ധതി ചെലവുകൾക്കായി 2016-17 സാമ്പത്തിക വർഷത്തിൽ 195.31 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷം ടി പദ്ധതിയ്ക്കായി 250 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

8. **<u>സാമൂഹ്യ നീതി വകുപ്പിന്റെ കീഴിലുള്ള ക്ഷേമ സ്ഥാപനങ്ങളിൽ അഡീഷണൽ കെയർ പ്രൊവൈഡേഴ്സിനെ വയ്ക്കുന്ന പദ്ധതി :</u>**

സാമൂഹ്യ നീതി വകുപ്പിന്റെ കീഴിലുള്ള മിക്ക ക്ഷേമ സ്ഥാപനങ്ങളിലും പ്രവേശിപ്പിക്കാൻ അനുമതിയുള്ള അന്തേവാസികളെക്കാൾ അധികം പേരെ

താമസിപ്പിക്കാൻ സ്ഥാപന അധികൃതർ നിർബന്ധിതരായിട്ടുണ്ട്. അധികമായി പ്രവേശിപ്പിക്കപ്പെട്ടിരിക്കുന്ന അന്തേവാസികൾക്ക് ആവശ്യമായ പരിരക്ഷ നൽകി അവരുടെ ശാരീരിക മാനസിക ശേഷി വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യത്തോടുകൂടി ക്ഷേമ സ്ഥാപനങ്ങളിൽ അഡീഷണൽ കെയർ പ്രൊവൈഡർമാരെ അനുവദിക്കുന്ന പദ്ധതി സാമൂഹ്യ നീതി വകുപ്പിന്റെ കീഴിലുള്ള 74 ക്ഷേമ സ്ഥാപനങ്ങളിലും അനുവദിച്ചു വരുന്നു. ഈ പദ്ധതിയിലൂടെ സ്ഥാപനങ്ങളിലെ അന്തേവാസികളുടെ പരിചരണവും വൃത്തിയും നല്ല നിലയിൽ മെച്ചപ്പെട്ടിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 2016-17 സാമ്പത്തിക വർഷത്തിൽ 333.61 ലക്ഷം രൂപ ചെലവഴിച്ചിട്ടു ണ്ട്. മുൻ വർഷത്തേക്കാൾ 92.8% തുക അധികരിച്ച് ചെലവഴിച്ചിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷം ടി പദ്ധതിയ്ക്കായി 300 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

9. **വൈകല്യ നിർണ്ണയ മെഡിക്കൽ സർട്ടിഫിക്കേഷൻ ക്യാമ്പിലൂടെ വികലാംഗർക്ക് മെഡിക്കൽ സർട്ടിഫിക്കറ്റും തിരിച്ചറിയൽ കാർഡും തൽസമയം വിതരണം ചെയ്യുന്ന പദ്ധതി :**

സംസ്ഥാനത്തെ വൈകല്യം ബാധിച്ച മുഴുവൻ പേരെയും കണ്ടെത്തി ഇത്തരം വ്യക്തികൾക്ക് കേന്ദ്ര സംസ്ഥാന സർക്കാരുകളിൽ നിന്നും ലഭിക്കാവുന്ന ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള അടിസ്ഥാനരേഖയായ മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റും തിരിച്ചറിയൽ കാർഡും നൽകുന്ന പദ്ധതിയാണിത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 98 ക്യാമ്പുകൾ സംഘടിപ്പിച്ച് 16344 പേർക്ക് തിരിച്ചറിയൽ കാർഡും മെഡിക്കൽ സർട്ടിഫിക്കറ്റും നൽകുകയുണ്ടായി. 2016-17 സാമ്പത്തിക വർഷത്തിൽ 91.47 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. നടപ്പ് വർഷം ടി പദ്ധതിയ്ക്കായി 400 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. നടപ്പു വർഷം 2017 ജൂൺ മാസം വരെ 37 ക്യാമ്പുകൾ സംഘടിപ്പിക്കുകയും ഇതിനായി 61.6 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

10. **ശ്രുതിതരംഗം പദ്ധതി :**

ശ്രവണവൈകല്യമുള്ള കുട്ടികളെ വളരെ ചെറുപ്പത്തിൽ തന്നെ കണ്ടെത്തി കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറി നടത്തി ആഡിറ്ററി വെർബൽ ഹബിലിറ്റേഷനിലൂടെ വൈകല്യം മാറ്റിയെടുക്കുന്ന പദ്ധതിയാണ് ശ്രുതിതരംഗം. ഈ പദ്ധതിയിലൂടെ 659 കുട്ടികൾക്ക് കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറി നടത്തി ആഡിറ്ററി വെർബൽ ഹബിലിറ്റേഷൻ നൽകി വരുന്നു. ശ്രുതിതരംഗം പദ്ധതി നടപ്പിലാക്കുന്നതിനായി പ്രൈവറ്റ് ആശുപത്രികൾക്കു പുറമെ 3 സർക്കാർ മെഡിക്കൽ കോളേജുകളെ കൂടി സജ്ജമാക്കിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പുതുതായി 128 കുട്ടികൾക്കാണ് കോക്ലിയാർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ

നടത്തി നൽകിയത്. ഈ പദ്ധതി നടപ്പിലാക്കുന്നതിനായി 197.23 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

ഇതു കൂടാതെ ശ്രുതിതരംഗം പദ്ധതിയിലൂടെ അല്ലാതെ കോക്ലിയാർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ നടത്തിയ കുട്ടികൾക്ക് സ്പീച്ച് പ്രൊസസറിന്റെ വാറന്റി കാലാവധി അവസാനിക്കുന്ന മുറയ്ക്ക് സ്പീച്ച് പ്രോസസറുകൾ upgrade ചെയ്തു നൽകുന്നതിനായി പുതിയ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുമായ നടപടികൾ സ്വീകരിച്ചു വരുന്നു. 2012-13 സാമ്പത്തിക വർഷം കോക്ലിയാർ ഇംപ്ലാന്റ് സർജറി പൂർത്തീകരിച്ച കുട്ടികളുടെ സ്പീച്ച് പ്രൊസസറിന്റെ വാറന്റി കാലാവധി അവസാനിച്ചതിനാൽ ടി കുട്ടികൾക്ക് രണ്ട് വർഷത്തേയ്ക്ക് കൂടി extended warranty നൽകുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.

നടപ്പു വർഷം ടി പദ്ധതി നടത്തിപ്പിനായി 1000 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. നടപ്പു വർഷം 2017 ജൂൺ വരെ 12 കുട്ടികൾക്ക് സർജറി ചെയ്യുകയുണ്ടായി. ഇതിനായി 16.29 ലക്ഷം രൂപ ചെലവഴിക്കുകയുണ്ടായി.

11. **<u>സ്നേഹപൂർവ്വം പദ്ധതി :</u>**

മാതാപിതാക്കൾ രണ്ടുപേരും മരണപ്പെടുകയോ, അല്ലെങ്കിൽ ഒരാൾ മരണപ്പെടുകയും ജീവിച്ചിരിക്കുന്നയാൾക്ക് കുട്ടികളെ സംരക്ഷിക്കാൻ സാമ്പത്തിക സ്ഥിതിയില്ലാതാവുകയും ചെയ്യുന്ന വീടുകളിലെ കുട്ടികൾ അനാഥാലയങ്ങളിൽ തള്ളപ്പെടുകയാണ് ചെയ്യുന്നത്. ഇത്തരം കുട്ടികൾ അവരുടെ കുടുംബാംഗങ്ങളുടെ സംരക്ഷണത്തിൽ വളർന്ന് വിദ്യാഭ്യാസം നേടുകയെന്ന ഉദ്ദേശ്യത്തോടെ ആവിഷ്ക്കരിച്ച പദ്ധതിയാണ് 'സ്നേഹപൂർവ്വം'. 2012 നവംബറിൽ ആരംഭിച്ച ടി പദ്ധതി 2014-15 അദ്ധ്യയന വർഷം മുതൽ വിദ്യാഭ്യാസ സ്ഥാപന മേധാവി മുഖേന ഓൺലൈനായാണ് അപേക്ഷകൾ സ്വീകരിച്ചു വരുന്നത്. സ്നേഹപൂർവ്വം പദ്ധതിയിലൂടെ പ്രതി വർഷം 50000 ത്തോളം കുട്ടികൾക്ക് ആനുകൂല്യം അനുവദിച്ചു വരുന്നു. സംസ്ഥാനത്തെ എച്ച്.ഐ.വി/എയ്ഡ്സ് ബാധിതരായ കുട്ടികളെ കൂടി സ്നേഹപൂർവ്വം പദ്ധതിയിൽ ഉറ്റപ്പെടുത്തിയിട്ടുണ്ട്.

സ്നേഹപൂർവ്വം പദ്ധതി ഗുണഭോക്താക്കൾക്കായി 14 ജില്ലകളിലും 100 പേരടങ്ങുന്നതും 10-ാം ക്ലാസ്സ് മുതൽ 12-ാം ക്ലാസ്സ് വരെയുള്ള ഓരോ ബാച്ചിന് ജീവിത നൈപുണ്യ പരിശീലനം നൽകുന്ന 2 ദിവസത്തെ റസിഡൻഷ്യൽ പ്രോഗ്രാമായ 'സ്നേഹ സംഗമം'വും നടപ്പിലാക്കിയിട്ടുണ്ട്.

ഈ സർക്കാർ അധികാരമേറ്റ ശേഷം 2016-17 സാമ്പത്തിക വർഷത്തിൽ 56291 പേർക്ക് സ്നേഹപൂർവ്വം പദ്ധതി ധനസഹായം അനുവദിച്ചു നൽകിയിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ എച്ച്.ഐ.വി/എയ്ഡ്സ് ബാധിതരായ 42 കുട്ടികൾക്ക് കൂടി

ധനസഹായം അനുവദിച്ചിട്ടുണ്ട്. ഇതിനായി ആകെ 2894.08 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. നടപ്പു വർഷം ടി പദ്ധതിയ്ക്കായി 2000 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. 2017 ജൂൺ വരെ എച്ച്.ഐ.വി/എയ്ഡ്സ് ബാധിതരായ 33 കുട്ടികൾക്ക് ധനസഹായം അനുവദിക്കുന്നതിന് 11 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

12. **സ്റ്റേറ്റ് ഡിസബിലിറ്റി സർവ്വേ :**

സംസ്ഥാനത്തെ അംഗപരിമിതരുടെ ക്ഷേമപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് ഫലപ്രദമായി നടപ്പാക്കുന്നതിന് അംഗപരിമതരുടെ എണ്ണവും അവരുടെ വിഭാഗം തിരിച്ചുള്ള കണക്കും അംഗപരിമിതിയുടെ തോതും അവരുടെ ജീവിത നിലവാരവും മനസ്സിലാക്കുന്നതിന് സംസ്ഥാനത്തെ എല്ലാ വീടുകളും സന്ദർശിച്ച് അംഗപരിമിതരുടെ എണ്ണം എടുക്കുന്നതിനും, വൈകല്യത്തിന്റെ വിഭാഗം തിരിച്ചുള്ള കണക്കും, ഇവരുടെ സാമൂഹിക സാമ്പത്തിക വിവരശേഖരണത്തിനുമായി വിപുലമായ ഒരു സെൻസസ് കേരള സാമൂഹ്യ സുരക്ഷ മിഷൻ പൂർത്തിയാക്കി ഡേറ്റാ പ്രസിദ്ധീകരിച്ചിട്ടുണ്ട്. വൈകല്യമുള്ളവർക്കായി പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് ഇത് പ്രയോജനപ്പെടുന്നതാണ്. ടി സെൻസസിന്റെ ലൈവ് ഡേറ്റ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

13. **സമാശ്വാസം പദ്ധതി** :

നിരന്തരമായ ചികിത്സ ആവശ്യമായ ഡയാലിസിസിൽ ഏർപ്പെടുന്നവർക്ക് പ്രതിമാസം 1100/- രൂപ നിരക്കിലും വൃക്ക, കരൾ മാറ്റിവയ്ക്കൽ സർജറിയ്ക്ക് വിധേയരായവർ, ഹീമോഫീലിയ രോഗികൾ, എന്നിവർക്ക് പ്രതിമാസം 1000/- രൂപ നിരക്കിലും അരിവാൾ രോഗം ബാധിച്ചവർക്ക് 2000/- രൂപ നിരക്കിലും ധനസഹായം അനുവദിക്കുന്ന സമാശ്വാസം പദ്ധതി പ്രകാരം 5281 പേർക്ക് നൽകി വന്ന ധനസഹായം ഈ സർക്കാർ അധികാരമേറ്റ ശേഷം പുതുതായി 1742 പേർക്കു കൂടി അനുവദിച്ചിട്ടുണ്ട്. ഇതിനായി 2016-17 സാമ്പത്തിക വർഷത്തിൽ 565 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷം ടി പദ്ധതി പ്രകാരം 2017 ആഗസ്റ്റ് മാസത്തോടെ പുതുതായി 805 പേർക്കുകൂടി ധനസഹായം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

14. **വി-കെയർ** :

കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പാക്കുന്ന വിവിധ പദ്ധതികൾക്ക് സർക്കാരിൽ നിന്നും ലഭിയ്ക്കുന്ന പദ്ധതി വിഹിതത്തിനു പുറമേ ആവശ്യമായ വിഭവം കോർപ്പറേറ്റുകൾ, ഫൗണ്ടേഷനുകൾ, വ്യക്തികൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവരിൽ നിന്നും സമാഹരിച്ച് പദ്ധതി സമയബന്ധിതമായി നടപ്പാക്കുകയെന്ന ലക്ഷ്യത്തോടുകൂടി ആരംഭിച്ച് നടപ്പിലാക്കി വരുന്ന പദ്ധതി പ്രവർത്തനങ്ങളുടെ ചെലവിനായി 2016-17 സാമ്പത്തിക വർഷത്തിൽ 68.54 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. നടപ്പു വർഷം ടി പദ്ധതി ചെലവുകൾക്കായി 150 ലക്ഷം രൂപ

വകയിരുത്തിയിട്ടുണ്ട്. നടപ്പു വർഷം ടി പദ്ധതി ചെലവുകൾക്കായി 7.91 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

**15 .സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് (എസ്.ഐ.ഡി):**

വൈകല്യ മേഖലയിൽ പ്രത്യേക ഇടപെടലുകൾ നടത്തുന്നതിനായി സാമൂഹ്യനീതി വകുപ്പ് കേരള സാമൂഹ്യ സുരക്ഷാ മിഷനിലൂടെ ആരംഭിച്ചിട്ടുള്ള പദ്ധതിയാണ് സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ്. ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

**1. റുബെല്ലാ വാക്സിനേഷൻ**

റുബെല്ലാ എന്ന രോഗം ഗർഭിണികൾക്ക് വന്നാൽ ഗർഭസ്ഥ ശിശുവിന് വൈകല്യമുണ്ടാകാനുള്ള സാധ്യത ഏറെയാണ്. ഇത് പ്രതിരോധിക്കുവാനായി റുബെല്ലാ വാക്സിൻ കൗമാരക്കാരായ പെൺകുട്ടികൾക്ക് സ്കൂൾ തലത്തിൽ വച്ച് നൽകുന്നതിന് നടപടി സ്വീകരിച്ചു. ഈ സർക്കാർ അധികാരമേറ്റശേഷം 5 ലക്ഷം പെൺകുട്ടികൾക്ക് വാക്സിനേഷൻ നൽകുവാൻ സാധിച്ചു.

**2. എം.എം.ആർ വാക്സിനേഷൻ**

മംപ്സ്, മീസെൽസ്, റുബെല്ലാ എന്നിവയെ പ്രതിരോധിക്കുന്നതിനായി ഈ സർക്കാർ അധികാരമേറ്റ ശേഷം 6 ലക്ഷം പേർക്ക് വാക്സിനേഷൻ നൽകുവാൻ സാധിച്ചു.

**3. കേൾവി പരിശോധന പദ്ധതി**

നവജാത ശിശുക്കളിലെ കേൾവി വൈകല്യം തടയുന്നതിനായി ജനിച്ചാലുടൻതന്നെ കേൾവി പരിശോധിക്കുന്നതിനായി Oto Accoustic Emission Screeners കേരളത്തിലെ 40 സർക്കാർ പ്രസവ ആശുപത്രികളിൽ സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് നൽകിയിട്ടുണ്ട്. ഇതിനായി 100-ൽ അധികം പ്രസവം നടക്കുന്ന ആശുപത്രികളിൽ മാത്രം നൽകിയിരുന്ന സേവനം പ്രസവം നടക്കുന്ന എല്ലാ ആശുപത്രികളിലേക്കും വ്യാപിപ്പിച്ച് കേരളത്തിലെ മുഴുവൻ കുഞ്ഞുങ്ങൾക്കും കേൾവി പരിശോധന ഒരു വർഷത്തിനുള്ളിൽ സാർവത്രികമാക്കും.

**4. ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ. (District Early Intervention Centres-DEIC)**

വൈകല്യങ്ങൾ പ്രത്യേകിച്ചും മാനസിക വൈകല്യങ്ങൾ, ബഹു വൈകല്യങ്ങൾ, ഓട്ടിസം തുടങ്ങിയവ എത്രയും നേരത്തെ കണ്ടെത്തി, ആവശ്യമായ തെറാപ്പികളും ചികിൽസകളും ലഭ്യമാക്കുന്നതിന് വേണ്ടി ഓരോ ജില്ലയിലും ഓരോ DEIC കൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതിനാവശ്യമായ എല്ലാവിധ സൗകര്യങ്ങളോടും കൂടിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം എല്ലാ ജില്ലകളിലും കണ്ടെത്തിയിട്ടുണ്ട്. ആരോഗ്യ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളാണ് ഇതിനായി ഗവൺമെന്റ് ഉത്തരവിലൂടെ ലഭ്യമാക്കിയിട്ടുള്ളത്. പത്തനംതിട്ട ഒഴി

കെയുള്ള എല്ലാ ജില്ലകളിലും പൊതുമരാമത്ത് വകുപ്പിന്റെ കെട്ടിട വിഭാഗത്തെയാണ് നിർമ്മാണ ചുമതല ഏൽപ്പിച്ചിട്ടുള്ളത്. പത്തനംതിട്ട ജില്ലയിൽ തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ എൻജിനീയറിംഗ് വിഭാഗത്തിനെയാണ് നിർമ്മാണ ചുമതല ഏൽപ്പിച്ചിട്ടുള്ളത്.

ഒൻപത് ജില്ലകളിലെ കെട്ടിട നിർമ്മാണത്തിനായി ഭരണാനുമതി ലഭിക്കുകയും, എട്ട് ജില്ലകൾക്ക് തുക നൽകുകയും ചെയ്തിട്ടുണ്ട്. എസ്റ്റിമേറ്റുകൾ ലഭിച്ച മറ്റ് ജില്ലകൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള പ്രൊപ്പോസൽ **ഗവണ്മെന്റ് പരിശോധിച്ചുവരുന്നു** കെട്ടിട നിർമ്മാണത്തിനായി 30.36 കോടി രൂപ **അനുവദിച്ചിട്ടുണ്ട്**

5. **<u>ആഡിറ്ററി വെർബൽ തെറാപ്പി ലാബ്.</u>**

അംഗപരിമിതരായ കുട്ടികൾക്കുള്ള പ്രത്യേക പരിചരണങ്ങൾ നൽകുന്നതിലേക്ക് ആധുനിക ആഡിറ്ററി വെൽബൽ തെറാപ്പി ലാബ് 76,70,978/ രൂപ ചിലവിൽ ഇരിങ്ങാലക്കുട നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഫിസിക്കൽ മെഡിസിൻ ആന്റ് റീഹാബിലിറ്റേഷനും 82,45,000/- രൂപ ചിലവിൽ ഗവ.മെഡിക്കൽ കോളേജ് കോഴിക്കോടിനും നൽകി.

**<u>6. 'എം' പവർ പദ്ധതി.</u>**

സംസ്ഥാനത്തെ വിവിധ സ്കൂളുകളിൽ നിന്നും തിരഞ്ഞെടുത്ത ഇരുപതോളം ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സൗജന്യമായി ഇന്ദ്രജാല പരിശീലനം നൽകുന്ന പദ്ധതിയാണിത്. ഈ കുട്ടികൾ കേരളത്തിലെ സാമൂഹ്യ സാമുദായിക സാഹിത്യ മേഖലകളിൽ ഇന്ദ്രജാലം അവതരിപ്പിച്ച് അവരിലെ കഴിവുകളെ മറ്റുള്ളവർക്കു മുന്നിൽ പ്രദർശിപ്പിക്കുക എന്നതാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. തിരുവനന്തപുരത്തെ മാജിക് അക്കാദമിയുമായി ചേർന്നാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

കൂടാതെ ഭിന്നശേഷിക്കാരുടെ അംഗപരിമിതിയുടെ തീവ്രത ലഘൂകരിക്കുന്നതിനും, പുനരധിവാസം നടപ്പാക്കുന്നതും ലക്ഷ്യമാക്കി കേരള സാമൂഹ്യ സുരക്ഷാ മിഷൻ **'അനുയാത്രാ'** ക്യാമ്പയിൻ എന്ന പേരിൽ ഒരു പദ്ധതിക്ക് രൂപം നൽകുകയും പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ആഗോള തലത്തിൽ അംഗപരിമിത പരിപാലനത്തിന് സ്വീകരിക്കുന്ന അന്താരാഷ്ട്ര സമീപനങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ഒരു അവകാശാധിഷ്ഠിത സമ്പൂർണ്ണ ജീവചക്ര സമീപനത്തോടെയുള്ള പ്രവർത്തനങ്ങളാണ് അനുയാത്ര വിഭാവനം ചെയ്യുന്നത്. സംസ്ഥാനത്തെ അംഗപരിമിത സൗഹൃദ സംസ്ഥാനമാക്കി മാറ്റുക എന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഇതിനായി താഴെപ്പറയുന്ന പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

1. **അംഗപരിമിതർക്കായുള്ള സവിശേഷ തിരിച്ചറിയൽ കാർഡുകളുടെ വിതരണം.**

സംസ്ഥാനത്തെ അർഹരായ മുഴുവൻ അംഗപരിമിതർക്കും സവിശേഷ തിരിച്ചറിയൽ കാർഡ് നൽകുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

കേന്ദ്രഗവൺമെന്റ് ഇതിനായി തയ്യാറാക്കിയിട്ടുള്ള പ്രത്യേക് സോഫ്റ്റ് വെയറിൽ അംഗപരിമിതരുടെ വിവരങ്ങൾ അപ്‌ലോഡ് ചെയ്ത് ഓൺലൈൻ ആയാണ് സവിശേഷ തിരിച്ചറിയൽ കാർഡുകൾ നൽകുന്നത്. അംഗപരിമിതർക്കുള്ള മെഡിക്കൽ സർട്ടിഫിക്കറ്റുകളും ഈ സോഫ്‌വെയർ മുഖാന്തിരം ലഭ്യമാക്കുന്നതാണ്.

2. **അംഗപരിമിതർക്ക് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി**

സംസ്ഥാനത്തെ അംഗപരിമിതർക്ക് ആരോഗ്യ ഇൻഷ്വറൻസ് നടപ്പാക്കുന്നതിന്റെ ഭാഗമായി കേന്ദ്ര ഗവൺമെന്റ് ഭിന്നശേഷിക്കാർക്ക് വേണ്ടി നടപ്പാക്കുന്ന സ്വാവലംബൻ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഒരു ലക്ഷം പേരുടെ ഗുണഭോക്തൃവിഹിതമായ 3.57 കോടി രൂപ, ഇൻഷ്വറൻസ് കമ്പനിയ്ക്ക് പ്രീമിയം ഡെപ്പോസിറ്റ് അഡ്വാൻസായി നൽകിയിട്ടുണ്ട്. ഗുണഭോക്താക്കളുടെ ലിസ്റ്റും തയ്യാറാക്കിയിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ വിഹിതം ലഭിക്കുന്ന മുറയ്ക്ക് ഇൻഷ്വറൻസ് പദ്ധതിയിൽ ഇവരെ ഉൾപ്പെടുത്തുന്നതാണ്. ഇതിനായി കേന്ദ്ര ഗവൺമെന്റിനോട് പ്രത്യേകം അഭ്യർത്ഥന നടത്തിയിട്ടുണ്ട്.

3. **ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ**

വൈകല്യങ്ങൾ എത്രയും നേരത്തെ കണ്ടെത്തുന്നതിനും അനുയോജ്യമായ ഇടപെടൽ നടത്തുന്നതിനുമായി ആധുനിക സൗകര്യങ്ങളോടുകൂടിയ ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനം സംസ്ഥാനത്തെ 10 ജില്ലകളിൽ ആരംഭിച്ചിട്ടുണ്ട്.

4. **നിലവിലുള്ള ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങളുടെ ശാക്തീകരണം**

പൂർണ്ണമായ സൗകര്യങ്ങളോടുകൂടിയ സ്ഥിരം ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ നിലവിൽ വരുന്നതുവരെ അംഗപരിമിതരായ കുട്ടികൾക്ക് തെറാപ്പികളും സേവനങ്ങളും ലഭ്യമാക്കുന്നതിനായി നാഷണൽ ഹെൽത്ത് മിഷന്റെ നിലവിലുള്ള ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി ഈ സ്ഥാപനങ്ങൾക്ക് അധികമായി വേണ്ടിവരുന്ന ഉപകരണങ്ങൾ, ജീവനക്കാർ, പരിശീലനങ്ങൾ തുടങ്ങിയവ ലഭ്യമാക്കി കൂടുതൽ മെച്ചപ്പെട്ട സേവനങ്ങൾ ലഭ്യമാക്കുകയും ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് ഭരണാനുമതിയും, ഫണ്ടും നൽകിയിട്ടുണ്ട്

5. **മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ**

അംഗപരിമിതരായവർക്ക് തുടർച്ചയായ തെറാപ്പികൾ ആവശ്യമാണ്. പലരും ജില്ലാ കേന്ദ്രങ്ങളിൽ എത്തി ഈ സൗകര്യം പ്രയോജനപ്പെടുത്താൻ പ്രയാസപ്പെടുന്നുണ്ട്. ഗ്രാമപ്രദേശങ്ങളിൽ ഉള്ളവരെയാണ് ഈ പ്രശ്നം കൂടുതലായി ബാധിക്കുന്നത്. ഈ പ്രശ്നം പരിഹരിക്കുന്നതിനായി മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്

**പ്രത്യേക മേഖലകളിൽ സ്ഥിരം ഇന്റർവെൻഷൻ യൂണിറ്റുകൾ**

പട്ടികവർഗ്ഗ മേഖല, തീരദേശ മേഖല തുടങ്ങിയ പ്രത്യേക മേഖലയിൽ വൈകല്യങ്ങൾ സ്ക്രീൻ ചെയ്യാനും ആവശ്യമായ തെറാപ്പികളും സേവനങ്ങളും നൽകുന്നതിനും സ്ഥിരം ഇന്റർവെൻഷൻ യൂണിറ്റുകൾ സ്ഥാപിക്കുന്നതാണ്. ആദ്യയൂണിറ്റ് അട്ടപ്പാടിയിലെ കോട്ടത്തറ സ്പെഷ്യാലിറ്റി ആശുപത്രിയിലാരംഭിക്കുന്നതിന് 19 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട് 2017 ജൂലൈ മാസത്തോടെ പ്രസ്തുത കേന്ദ്രം പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

6. **സ്പെഷ്യൽ അങ്കണവാടികൾ**

പ്രീ സ്കൂൾ തലത്തിൽ തന്നെ ബുദ്ധിമാന്ദ്യം, വളർച്ചാ വികാസ താമസം തുടങ്ങിയവ കണ്ടെത്തി അനുയോജ്യമായ പരിചരണങ്ങൾ നൽകുന്നതിനായി സ്പെഷ്യൽ എഡ്യൂക്കേറ്റേഴ്സിന്റെ സേവനത്തോടു കൂടിയ സ്പെഷ്യൽ അങ്കണവാടികൾ ഇപ്പോൾ കോഴിക്കോട് ജില്ലയിൽ നടപ്പാക്കി വരുന്നു. ഇത് കണ്ണൂർ, വയനാട് ജില്ലകളിലേയ്ക്ക് കൂടി വ്യാപിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

7. **പ്രോജക്ട് ഓട്ടിസം**

ഓട്ടിസം ബാധിച്ച കുട്ടികൾക്ക് ചികിത്സയും തെറാപ്പികളും അനുബന്ധ സേവനങ്ങളും ലഭ്യമാക്കുന്നതിനായി സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിൽ ഓട്ടിസം സെന്ററുകൾ ആരംഭിക്കുന്നതിനായി 2 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട് സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

8. **കാതോരം**

കേൾവി വൈകല്യം എത്രയും നേരത്തെ കണ്ടെത്തി ആവശ്യമായ ഇടപെടലുകളിലൂടെ പരിഹരിക്കുന്നതിനായി സമഗ്ര ജീവചക്ര സമീപനം സ്വീകരിക്കുന്നതാണ്. ഒരു കുഞ്ഞ് ജനിച്ചയുടൻതന്നെ കേൾവി പരിശോധന നടത്തുന്നതിനുള്ള സൗകര്യം സംസ്ഥാനത്തെ എല്ലാ ഡെലിവറി പോയിന്റുകളിലും സ്ഥാപിക്കുന്നതിനായി OAE മെഷീനുകൾ വാങ്ങാനും JPHNs നെ നിയമിക്കാനുമുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കേൾവി പ്രശ്നമുള്ള കുട്ടികളെ വിദഗ്ധ പരിശോധനയിലൂടെ കേൾവി വൈകല്യം സ്ഥിരീകരിക്കുന്നതിനുള്ള BERA സംവിധാനം എല്ലാ ജില്ലാ കേന്ദ്രങ്ങളിലും ലഭ്യമാക്കുന്നതിനായി KMSCL-ന് സപ്ലൈ ഓർഡർ നൽകിയിട്ടുണ്ട്.

9. **മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്ററുകൾ (MCRC)**

അംഗപരിമിത സെൻസസ് പ്രകാരം കേരളത്തിൽ 28000-ത്തോളം ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ ഉണ്ടെന്നാണ് കണക്ക്. 1000 കുട്ടികൾക്ക് 1 മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്റർ എന്ന നിലയിൽ ഒരു ജില്ലയിൽ 2 വീതം 28

സെന്ററുകൾ സ്ഥാപിക്കുന്നതിന്റെ തുടക്കമായി കണ്ണൂർ ജില്ലയിലെ മട്ടന്നൂർ മുനിസിപ്പാലിറ്റിയിൽ MCRC ആരംഭിക്കാനുള്ള ഭരണാനുമതി നൽകുകയും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

**10. ഹെൽപ്പ് ഡെസ്ക്**

അംഗപരിമിതർക്ക് ആവശ്യമായ വിവരങ്ങൾ ലഭ്യമാക്കുന്നതിനും, ഫയൽ ഫോളോ അപ് ഉൾപ്പെടെയുള്ളവ ഇവരുടെ വിവിധ ആവശ്യങ്ങൾ പരിഹരിക്കുന്നതിനുള്ള പരാതി പരിഹാര സംവിധാനമായി പ്രവർത്തിക്കുന്നതിനുവേണ്ടി കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ ഓഫീസിൽ ഒരു ഹെൽപ്പ് ഡെസ്ക് സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. അംഗപരിമിതർക്കായി പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങൾ, അവയുടെ സേവനങ്ങൾ, ക്ഷേമ പദ്ധതികൾ തുടങ്ങിയവ സംബന്ധിച്ച വിവരങ്ങളും ഇതേ കേന്ദ്രത്തിലൂടെ ലഭ്യമാക്കുന്നതാണ്. സാങ്കേതിക സംവിധാനങ്ങളോടെ ആരംഭിക്കുന്ന ഈ ഹെൽപ്പ് ഡെസ്കിന്റെ പ്രവർത്തനം 2017 സെപ്റ്റംബർ മാസത്തിൽ ആരംഭിക്കുന്നതാണ്.

**11. സ്റ്റുഡന്റ് ഇനിഷ്യേറ്റീവ്**

മെഡിക്കൽ കോളേജ് വിദ്യാർത്ഥികൾക്ക് അംഗപരിമിതരോട് ആർദ്രതാ മനോഭാവം വളർത്തിയെടുക്കുന്നതിനും അവരുടെ പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കുന്നതിനുമായി Student Initiative എന്ന പേരിൽ ഗവൺമെന്റ് മെഡിക്കൽ കോളേജുകളിലെ കമ്മ്യൂണിറ്റീവ് മെഡിസിൻ വിഭാഗത്തിന്റെ സഹകരണത്തോടെ പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി ആലപ്പുഴ മെഡിക്കൽ കോളേജിൽ ഈ വർഷം തന്നെ ഈ പദ്ധതി നടപ്പാക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്

**12. ദേശീയ ശില്പശാല**

അംഗപരിമിത മേഖലയിൽ ദേശീയ തലത്തിൽ നടക്കുന്ന നൂതന മാതൃകകളും പ്രവർത്തനങ്ങളും ചർച്ച ചെയ്യുന്നതിനും ദേശീയ തലത്തിലുള്ള വിദഗ്ധ സ്ഥാപനങ്ങളുടെ സേവനങ്ങൾ സംസ്ഥാനത്തിന് ലഭ്യമാക്കുന്നതിനും ഈ മേഖലയിൽ നടപ്പാക്കേണ്ട നൂതന ഇടപെടലുകൾ കണ്ടെത്തുന്നതിനുമായി ഒരു ദേശീയ ശില്പശാല സംഘടിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്

**13. വിവര വിദ്യാഭ്യാസ വ്യാപന (IEC) പ്രവർത്തനങ്ങൾ**

അനുയാത്രാ പദ്ധതിയുടെ പ്രവർത്തനങ്ങളുടെ ഗുണഫലങ്ങൾ അർഹതപ്പെട്ടവരിൽ എത്തിക്കുന്നതിനായി വ്യാപകമായ പ്രചരണ പ്രവർത്തനങ്ങൾ, ബോധവൽക്കരണ പരിപാടികൾ, എന്നിവ നടപ്പാക്കും. ഒരു നൂതന സമീപനം എന്ന നിലയിൽ ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് മാജിക് പരിശീലനം നൽകി അവരെ അനുയാത്രാ പദ്ധതി പ്രവർത്തനങ്ങളുടെ പ്രചാരകരായി (Ambassadors) മാറ്റാനുള്ള പരിശീലനപരിപാടി - M Power, മാജിക് അക്കാദമിയും

ആയി സഹകരിച്ച് ആരംഭിച്ചിട്ടുണ്ട്. 2017 ജൂൺ 12-ാം തീയതി ബഹു.ഇൻഡ്യൻ വൈസ് പ്രസിഡന്റ് ഡോ.ഹമീദ് അൻസാരി 'അനുയാത്ര പദ്ധതി' ഉദ്ഘാടനം നിർവ്വഹിക്കുകയും മാജിക് പരിശീലനം പൂർത്തിയാക്കിയ കുട്ടികളെ അനുയാത്രാ പദ്ധതി പ്രവർത്തനങ്ങളുടെ പ്രചാരകരായി (Ambassadors) പ്രഖ്യാപിക്കുകയുമുണ്ടായി. കൂടാതെ അന്നേദിവസം ഈ കുട്ടികൾ വിശിഷ്ടാതിഥികൾ ഉൾപ്പെടുന്ന സദസ്സിന് മുൻപാകെ മാജിക് നല്ല രീതിയിൽ അവതരിപ്പിക്കുകയുമുണ്ടായി.

**(ബി) സ്വാലംബൻ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി**

പ്രതിവർഷം 3100/- രൂപ പ്രീമിയം നിശ്ചയിച്ചിട്ടുള്ള സ്വാലംബൻ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി പ്രകാരം ഗുണഭോക്താവ് 375/- രൂപ നൽകേണ്ടതുണ്ട്. സംസ്ഥാനത്തെ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള അംഗപരിമിതരുടെ ഗുണഭോക്തൃ വിഹിതം സംസ്ഥാന ഗവൺമെന്റ് നൽകാൻ തീരുമാനിക്കുകയും ഇതനുസരിച്ച് കേരള സാമൂഹ്യ സുരക്ഷാമിഷന്റെ എസ്.ഐ.ഡി പദ്ധതിയിലൂടെ അപേക്ഷകൾ സ്വീകരിക്കുകയും ചെയ്തു. സംസ്ഥാനത്തെ ഐ.സി.ഡി.എസ് പ്രോജക്റ്റുകൾ വഴി ലഭിച്ച 1.7 ലക്ഷത്തോളം അപേക്ഷകൾ പ്രത്യേകം വെരിഫിക്കേഷൻ ക്യാമ്പുകൾ സംഘടിപ്പിച്ച് വെരിഫൈ ചെയ്ത്, ആവശ്യമായ ഡേറ്റാ എൻട്രി നടത്തി, അർഹരായ ഒരു ലക്ഷം അംഗപരിമിതരുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്

കേന്ദ്ര ഗവൺമെന്റ് ന്യൂ ഇൻഡ്യാ അഷ്വറൻസ് കമ്പിനി ലിമിറ്റഡ് വഴിയാണ് സ്വാലംബൻ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നത്. സംസ്ഥാനത്ത് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി തയ്യാറാക്കിയിട്ടുള്ള ഒരു ലക്ഷം പേരുടെ ഗുണഭോക്തൃ വിഹിതമായ 3,57,00,000/- രൂപ ന്യൂ ഇൻഡ്യാ അഷ്വറൻസ് കമ്പിനിക്ക് അഡ്വാൻസ് പ്രീമിയം ഡെപ്പോസിറ്റായി നൽകിയിട്ടുണ്ട്. കേന്ദ്ര വിഹിതം ലഭിക്കുന്ന മുറയ്ക്ക് തയ്യാറാക്കിയ ലിസ്റ്റിലുള്ളവരെ സ്വാലംബൻ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതാണ്. ടി പദ്ധതിയ്ക്കായി നടപ്പു വർഷ ബഡ്ജറ്റിൽ 400 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്

**16. <u>വീ കെയർ വോളന്റിയർ കോർപ്സ്</u>**

സമൂഹത്തിൽ ഒറ്റപ്പെടലും യാതനയും അനുഭവിക്കുന്ന ആൾക്കാരുടെ സംരക്ഷണം ഏറ്റെടുക്കുകയാണ് വി കെയർ സന്നദ്ധ സേവാ സംഘത്തിന്റെ ചുമതല. സാമൂഹ്യ സുരക്ഷിതത്വം, വാളന്റിയർഷിപ്പ് എന്നിവ സമൂഹത്തിൽ ഉണ്ടാക്കിയെടുക്കാനുള്ള ഒരു വെബ് അടിസ്ഥാന സംവിധാനമാണിത്. ഈ ശൃംഖലയിൽ ഉദ്ദേശം ഒരു ലക്ഷം സന്നദ്ധ സേവകർ പ്രവർത്തിക്കുന്നതാണ്. സംരക്ഷണം ആവശ്യമുള്ളവരെയും സംരക്ഷണം നൽകുന്നവരെയും ബന്ധിപ്പിക്കാനുള്ള മാർഗ്ഗം ഈ വെബ് അടിസ്ഥാന പ്ലാറ്റ്ഫോമിൽ ഒരുക്കുന്നതായിരിക്കും. കോളേജുകൾ, സ്ക്കൂളുകൾ, സന്നദ്ധസംഘടനകൾ, സ്വയം

സഹായ സംഘങ്ങൾ എന്നിവരെയും ഈ സംവിധാനത്തിൽ ഉൾപ്പെടുത്തും. മതിയായ പരിപാലനം ഉറപ്പാക്കുന്നതിന്റെ ഭാഗമായി ഈ സന്നദ്ധ പ്രവർത്തകർക്ക് അടിസ്ഥാന ജീവിതം ഒരുക്കുന്ന വിഷയത്തിലും പാലിയേറ്റീവ് കെയർ തുടങ്ങിയ വിഷയത്തിലും പരിശീലനം നൽകുന്നതാണ്. ഇതിന്റെ ഭാഗമായി സംസ്ഥാനതലത്തിലും ജില്ലാതലത്തിലും പ്രോജക്ട് സപ്പോർട്ട് സെന്ററുകൾ ആരംഭിക്കുന്നതാണ്. ടി പദ്ധതിയ്ക്കായി നടപ്പു വർഷ ബഡ്ജറ്റിൽ 10 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്

17. **<u>സ്ത്രീശക്തി' സുരക്ഷാ പദ്ധതി :</u>**

കേരളത്തിലെ സ്ത്രീകളുടെ തൊഴിലും സുരക്ഷയും ഉറപ്പാക്കുന്നതിനായി "സ്ത്രീശക്തി" എന്ന പേരിൽ പ്രതിവാര ലോട്ടറിയിലൂടെ സമാഹരിക്കപ്പെടുന്ന മുഴുവൻ തുകയും കേരളത്തിലെ സ്ത്രീകളുടെ ക്ഷേമം, സുരക്ഷ, തൊഴിൽ തുടങ്ങിയ വികസന പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്നതിന് സർക്കാർ തീരുമാനിക്കുകയുണ്ടായി. ജി.ഒ (എം.എസ്) നം.38/2016/റ്റി.ഡി തീയതി 19/02/2016 പ്രകാരം പദ്ധതി നടപ്പിലാക്കുന്നതിന് മിഷനെ ചുമതലപ്പെടുത്തി സർക്കാർ ഉത്തരവായിട്ടുണ്ട്. സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം ഉയർത്തൽ, സ്ത്രീ പുനരധിവാസ പദ്ധതികളുടെ നവീകരണം, ബി.പി.എൽ. വിഭാഗം പെൺകുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസത്തിന് പ്രത്യേക സാമ്പത്തിക സഹായം, ശാരീരിക വെല്ലുവിളി നേരിടുന്ന സ്ത്രീകൾക്ക് അതിജീവന സഹായോപകരണങ്ങൾ, സ്ത്രീകളുടെ സ്വയംരക്ഷ രീതികൾ പരിശീലിപ്പിക്കുന്നതിനുള്ള പരിപാടികൾ, സ്ത്രീകൾ ഗൃഹനാഥയായുള്ള പ്രായപൂർത്തിയായ ആൺകുട്ടികൾ ഇല്ലാത്ത കുടുംബങ്ങൾക്ക് ഇൻഷുറൻസ്, പ്രായമായ സ്ത്രീകൾക്ക് പ്രത്യേക പദ്ധതികൾ, മാനസിക വെല്ലുവിളി നേരിടുന്ന പെൺകുട്ടികൾക്ക് പുനരധിവാസ കേന്ദ്രം, സ്ത്രീകൾ ഗൃഹനാഥയായുള്ള കുടുംബങ്ങൾക്ക് പ്രത്യേക ഭവന പദ്ധതി തുടങ്ങിയ സ്ത്രീ ശാക്തീകരണ പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കാൻ സുരക്ഷാ മിഷൻ നടപടി സ്വീകരിച്ചു വരുന്നു. ടി പദ്ധതിയ്ക്കായി നടപ്പു വർഷ ബഡ്ജറ്റിൽ 300 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്

18. **<u>ജുവൈനൽ ഡയബറ്റീസ് ബാധിച്ച കുട്ടികൾക്ക് ഇൻസുലിൻ നൽകുന്ന ചികിത്സാ പദ്ധതി (മിഠായി പദ്ധതി)</u>**

ജുവൈനൽ ഡയബറ്റീസ് മൂലം ബുദ്ധിമുട്ടനുഭവിക്കുന്ന 1000-ത്തോളം കുട്ടികൾ നമ്മുടെ സംസ്ഥാനത്തുണ്ട്. സാമ്പത്തികമായി ബുദ്ധിമുട്ട് അനുഭവിക്കുന്ന കുടുംബങ്ങളിലെ ഇത്തരം കുട്ടികൾക്ക് 7000 രൂപ വില വരുന്ന ഇൻസുലിൻ പമ്പും 1000 രൂപ വില വരുന്ന ഗ്ലൂക്കോമീറ്ററും തെരഞ്ഞെടുത്ത മെഡിക്കൽ കോളേജ് ആശുപത്രികൾ മുഖേന സൗജന്യമായി വിതരണം ചെയ്ത് രക്തത്തിൽ പഞ്ചസാരയുടെ അളവ് ക്രമീകരിക്കുക എന്നതാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. ടി പദ്ധതിയ്ക്കായി

നടപ്പു വർഷ ബഡ്ജറ്റിൽ 200 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട് ടി പദ്ധതി നടപ്പിലാക്കുന്നതിന്റെ ആരംഭഘട്ടത്തിലാണ്.

**ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം ഓർഫനേജ് കൺട്രോൾ ബോർഡ് നടപ്പിലാക്കിയ വിവിധ സാമൂഹ്യക്ഷേമ പദ്ധതികൾ.**

1. അംഗീകാരമുള്ള ക്ഷേമസ്ഥാപനങ്ങളിൽ സംരക്ഷിക്കുന്ന അഗതി അനാഥർക്ക് ധനസഹായമായി ഒരു അന്തേവാസിക്ക് പ്രതിമാസം 1000/-രൂപ നിരക്കിൽ സ്ഥാപനങ്ങൾക്ക് ഗ്രാന്റ് നൽകുന്നു. ആയതിലേയ്ക്കായി 2016-17 സാമ്പത്തിക വർഷം താഴെ പറയും പ്രകാരം തുക വിനിയോഗി ച്ചു

| ഓർഫനേജ് | ഓൾഡ് ഏജ് ഹോം | പി എച്ച് ഹോം | ബെഗ്ഗർ ഹോം |
|---|---|---|---|
| 28,32,60,000/- | 10,11,44,000/- | 1,58,72,000/- | 79,95,000/- |

2. ക്ഷേമസ്ഥാപനങ്ങളിൽ സംരക്ഷിക്കപ്പെടുന്ന പെൺകുട്ടികളുടെ വിവാഹത്തിന് 50,000/- രൂപ ധനസഹായം നൽകുന്നു. ആയത് പ്രകാരം 28 പേർക്ക് 50,000/- രൂപ വീതം 14,00,000/- രൂപ നൽകി.

3. ക്ഷേമസ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് മെച്ചപ്പെട്ട സേവനങ്ങൾ നൽകുന്നതിനും, സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുമായി സ്ഥാപനമേധാവികൾക്ക് വിവിധ വിഷയങ്ങളിൽ മൂന്ന് ദിവസത്തെ ട്രെയിനിംഗ് നൽകി. വിവിധ ബാച്ചുകളിലായാണ് ട്രെയിനിംഗ് നൽകിയത്. ആയതിലേയ്ക്കായി 89,37,700/- രൂപ ചെലവഴിച്ചിട്ടുണ്ട്.

4. ക്ഷേമസ്ഥാപനങ്ങളിലെ അന്തേവാസികളുടെ കലാകായിക വാസനകൾ പ്രോത്സാഹിപ്പിക്കുന്നതിനും കുടുംബാഗങ്ങൾ ഒത്തുചേരുന്നതിനായി ജില്ലകളിൽ കുടുംബസംഗമങ്ങൾ സംഘടിപ്പിച്ചു. കുടുംബസംഗമങ്ങൾ സംഘടിപ്പിക്കുന്നതിന് ജില്ലകളിൽ 50,000/- രൂപ വീതം നൽകി. സംസ്ഥാനതല കുടുംബസംഗമം എറണാകുളം ജില്ലയിൽ വച്ച് നടത്തുകയു ണ്ടായി. ആയതിലേയ്ക്കായി 2,00,000/- രൂപ നൽകി.

5. മദർ തെരേസ യുടെ ജന്മദിനമായ ആഗസ്റ്റ് 26 അഗതി അനാഥ ദിനമായി ആചരിക്കുന്നു. ആയതിലേയ്ക്കായി ജില്ലകൾക്ക് 25,000/- രൂപ വീതം നൽകി. എല്ലാ ജില്ലകളിലും വിപുലമായ പരിപാടികളോട് കൂടി ദിനാചരണം സംഘടിപ്പിച്ചു.

6. കുട്ടികളെ സംരക്ഷിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും എസ് എസ് എൽ സി പാസായ എല്ലാ കുട്ടികൾക്കും അവർ ആഗ്രഹിക്കുന്ന സർക്കാർ/എയ്ഡഡ് സ്കൂളിൽ പ്ലസ് വണ്ണിന് പ്രവേശനം നൽകി.

## ഈ സർക്കാർ അധികരത്തിലെത്തിയതിനുശേഷം കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കിയ വിവിധ സാമൂഹ്യക്ഷേമ പദ്ധതികൾ.

1) മിത്ര 181 വനിതാ ഹെൽപ്പ് ലൈൻ പദ്ധതി

2) ഷീ പാഡ് പദ്ധതി  തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വനിതാഘടക ഫണ്ടുപയോഗിച്ച് കൊണ്ട് സ്കൂൾ വിദ്യാർത്ഥിനികൾക്കാവശ്യമായ സാനിട്ടറി പാഡ്, അവ സൂക്ഷിക്കുന്നതിനുള്ള അലമാര, ഉപയോഗിച്ചവ പ്രകൃതിക്ക് ദോഷമാവാത്ത രീതിയിൽ സംസ്കരിക്കുന്നതിനുള്ള പാഡ് ഡിസ്പോസർ (ഇൻസിനറേറ്റർ) എന്നിവയുടെ വിതരണം നടത്തുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ പുരോഗമിക്കുന്നു

3) ദേശീയ ധനകാര്യ കോർപ്പറേഷനുകളുടേയും സംസ്ഥാന സർക്കാരിന്റെയും ധനസഹായം ഉപയോഗിച്ച് കൊണ്ട് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2960 വനിതകൾക്കായി 61.58 കോടി രൂപ സ്വയം തൊഴിൽ വായ്പ നൽകി.

4) 40 വിമൻസ് കോളേജുകളിൽ വിമൻസ് സെൽ/ഐസി.സി. ബോധവത്ക്കരണ പരിപാടി നടത്തി.

5) ഫിനിഷിംഗ് സ്കൂൾ (റീച്ച്) ഇക്കാലയളവിൽ 649 പരിശീലനാർത്ഥികൾക്ക് പരിശീലനം നൽകിയിട്ടുണ്ട്

## ഈ സർക്കാർ അധികാരത്തിലെത്തിയതിനു ശേഷം കേരള സംസ്ഥാന സാമൂഹ്യ ക്ഷേമ ബോർഡ് നടപ്പിലാക്കിയ വിവിധ സാമൂഹ്യ ക്ഷേമ പദ്ധതികൾ.

1. <u>ഗാർഹിക അതിക്രമങ്ങളിൽ നിന്നും വനിതകളെ സംരക്ഷിക്കുന്ന നിയമം 2005 ഷെൽട്ടർ ഹോമുകളിലും സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകളിലും സേവനം അനുഷ്ഠിക്കുന്ന ലീഗൽ കൗൺസിലർമാരുടെയും ക്ലിനിക്കൽ സൈക്കോളജിസ്റ്റിന്റേയും സേവനം ലഭ്യമാക്കുന്നതിനുള്ള പദ്ധതി</u>

ഗാർഹികപീഡനത്തിൽ നിന്നും വനിതകൾക്ക് സംരക്ഷണം നൽകുന്ന നിയമം 2005ന്റെ ഫലപ്രദമായ നടത്തിപ്പിന്റെ ഭാഗമായി ഷെൽട്ടർഹോമുകളിലും സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകളിലും ലീഗൽ കൗൺസിലർമാരുടെയും ക്ലിനിക്കൽ സൈക്കോളജിസ്റ്റിന്റെയും സേവനം ലഭ്യമാക്കുന്ന പദ്ധതി സംസ്ഥാന സർക്കാരിന്റെ ധനസഹായത്തോടെ സാമൂഹ്യക്ഷേമ

ബോർഡ് 96 സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകൾ (സേവനദാതാക്കൾ) വഴി നടപ്പിലാക്കുന്നു. 2016-17 വർഷത്തിൽ 96 സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകൾക്കും അനുബന്ധ ചെലവുകൾക്കും 1,34,55,000/- രൂപ സംസ്ഥാന സർക്കാർ അനുവദിച്ചിട്ടുണ്ട്. ടി കേന്ദ്രങ്ങൾക്ക് തുടർന്നും പ്രവർത്തിക്കുന്നതിനുള്ള ഭരണാനുമതി 2017-18 വർഷത്തിലും നൽകിയിട്ടുണ്ട്.

2) <u>ഗാർഹിക അതിക്രമങ്ങൾക്ക് ഇരയായ സ്ത്രീകൾക്കുള്ള ഷെൽട്ടർ ഹോമുകൾ</u> :

ഗാർഹികപീഡനത്തിനിരയാകുന്ന സ്ത്രീകളെ മാത്രം അടിയന്തിരഘട്ടത്തിൽ (30 സ്ത്രീകൾക്ക്) സുരക്ഷിതമായി പാർപ്പിച്ച് പുനരധിവസിപ്പിക്കുന്നതിന് കേരള സംസ്ഥാന സാമൂഹ്യക്ഷേമബോർഡ് സംസ്ഥാന സാമൂഹ്യനീതി വകുപ്പിന്റെ ധനസഹായത്തോടെ തെരഞ്ഞെടുത്ത 16 സന്നദ്ധസംഘടനകൾ വഴി നടപ്പാക്കുന്ന പദ്ധതിയാണ് ഗാർഹിക പ ീഡനത്തിന് ഇരയാകുന്ന സ്ത്രീകൾക്കുള്ള ഷെൽട്ടർഹോമുകൾ.2016-17 സാമ്പത്തിക വർഷത്തിൽ പദ്ധതിയ്ക്കായി 92,33,100/- രൂപ അനുവദിച്ചിട്ടുണ്ട്. ടി കേന്ദ്രങ്ങൾക്ക് തുടർന്നും പ്രവർത്തിക്കുന്നതിനുള്ള ഭരണാനുമതി 2017-18 വർഷത്തിലും നൽകിയിട്ടുണ്ട്.

3) <u>സ്വധാർ ഗ്രഹ്</u>

ശാരീരികവും, മാനസികവും, സാമൂഹികവുമായി പ്രതികൂല സാഹചര്യങ്ങളിൽപ്പെട്ട് വിഷമിക്കുന്ന സ്ത്രീകൾ, കുടുംബപ്രശ്നങ്ങളാൽ കുടുംബം വിട്ട് ആരോരും ആശ്രയമില്ലാതെ അലയുന്ന സ്ത്രീകൾ എന്നിവരെ താൽക്കാലികമായി സംരക്ഷിച്ച് പാർപ്പിക്കുന്നതിനും അവർക്കുവേ ണ്ട നിയമസഹായവും കൗൺസിലിംഗും വൈദ്യസഹായവും പുനരധിവാസവും തൊഴിൽ പരിശീലനവും നൽകുന്നതിനായി ഇന്ത്യാ ഗവൺമെന്റ് ആവിഷ്കരിച്ച പദ്ധതിയാണിത്. ടി പദ്ധതി സാമൂഹ്യക്ഷേമബോർഡ് മുഖേനയാണ് നടപ്പാക്കുന്നത്.

പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനാവശ്യമായ തുകയുടെ 60 ശതമാനം കേന്ദ്രവിഹിതവും 40 ശതമാനം സംസ്ഥാനസർക്കാർ വിഹിതവുമാണ്. 2016-17 വർഷത്തിൽ 7 സ്വധാർ ഹോമുകൾക്ക് 1,01,78,000/- രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ കേന്ദ്രവിഹിതമായ 60% തുകയുടെ ആദ്യഗഡുവായ 34,89,600/- രൂപയും സംസ്ഥാന സർക്കാർ വിഹിതമായ 40% തുകയുടെ ആദ്യഗഡുവായ 23,26,400/- രൂപയും ചേർത്ത് ആകെ 58,16,000/- രൂപ 2017-18 വർഷത്തിൽ ബോർഡിന് നല്കിയിട്ടുണ്ട്.

സംസ്ഥാന സർക്കാരിന്റെ ' ധനസഹായത്തോടെ കേരള സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡ് വഴി നടപ്പിലാക്കുന്ന ടി പദ്ധതികളിലൂടെ 230 പേർക്ക് തൊഴിൽ ലഭ്യമാകുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**